Page 1 of 3

അതോറിറ്റി നിയമിച്ച വിദഗ്ധ സംഘമോ പഠനം നടത്തി വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുള്ളതാണ്.

(ബി) ഇത്തരം ദുരിതങ്ങളെ അതിജീവിക്കുന്നതിന് വിദ്യാർത്ഥി-യുവജന സമൂഹത്തിന് ആവശ്യമായ പരിശീലനം നൽകുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ദുരന്തങ്ങളെ അതിജീവിക്കുന്നതിന് വിദ്യാർത്ഥി-യുവജന സന്നദ്ധ പ്രവർത്തകരുടെ പങ്ക് വളരെ വലുതാണ്. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജനപങ്കാളിത്തത്തിൽ സന്നദ്ധസേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ട് സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. ദുരന്ത സാഹചര്യങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിന് ഉതകുന്ന രീതിയിൽ സമഗ്ര പരിശീലനം സിദ്ധിച്ച സേനാംഗങ്ങളെയാണ് സജ്ജമാക്കിയിട്ടുള്ളത്. എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ 10 പേരടങ്ങുന്ന സേനയാണ് സജ്ജമാക്കിയിട്ടുള്ളത്. കൂടാതെ സിവിൽ ഡിഫൻസ് പദ്ധതി രൂപീകരിച്ച് ആറായിരത്തോളം യുവാക്കൾക്ക് പരിശീലനം നൽകി സംസ്ഥാന വ്യാപകമായി സജ്ജമാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ദേശീയ ശ്രദ്ധയാകർഷിച്ച 'ആപ്ത മിത്ര' എന്ന പദ്ധതിപ്രകാരം 200 വോളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. മൂന്നരലക്ഷം യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ലോകത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ ഒരു സാമൂഹ്യ സന്നദ്ധ സേന രൂപീകരിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. സ്കൂൾ സുരക്ഷാ പദ്ധതിപ്രകാരം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ദുരന്ത നിവാരണ പരിശീലനം നൽകുകയും അതിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രളയ കാരണത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ട്

23(24) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ അതിതീവ്രമഴയും അതിനെത്തുടർന്നുള്ള വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടായതിനുള്ള കാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2019 ആഗസ്റ്റ് 22-ന് രൂപീകരിച്ച സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ദുരന്ത നിവാരണ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

തീവ്രമഴയുമായി ബന്ധപ്പെട്ട കെടുതികൾ: സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്കൈ മെറ്റ് എന്ന കാലാവസ്ഥ പ്രവചന കമ്പനിയുടെ 100 സ്റ്റേഷനുകളിൽനിന്നും തത്സമയ കാലാവസ്ഥ വിവരങ്ങൾ ശേഖരിക്കുന്നു. അതോടൊപ്പം കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്നും വെള്ളപ്പൊക്ക പ്രവചനത്തിനായി ഐ.ബി.എം., എർത് നെറ്റ്വർക്ക് എന്നീ കമ്പനികളിൽനിന്നും കൃത്യതയുള്ള ഡാറ്റകൾ ശേഖരിക്കുന്നു. കൂടാതെ പൊതു- സ്വകാര്യ ഭൂമികളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഒരു പ്രത്യേക നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

ഉരുൾപൊട്ടൽ: മണ്ണ് പരിപാലന വകുപ്പും പ്രാദേശിക ഭരണകൂടവും സംയുക്തമായി, തിട്ടകൾ ഇടിയാൻ സാധ്യതയുള്ള റോഡുകളുടെ വശങ്ങളിൽ കയർ ഭൂവസ്ത്രം, രാമച്ചം എന്നിവ ഉപയോഗിച്ചുള്ള ജൈവ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിവരുന്നു. മണ്ണിന്റെ ഈർപ്പവും രാസ ഭൗതിക നിലവാരവും പരിശോധിക്കാനും നിരീക്ഷിക്കാനും മണ്ണ് സംരക്ഷണ വകുപ്പിന് പരിശോധനാ പ്ലോട്ടുകളും നിരീക്ഷിക്കുന്നതിന് ഒരു സ്ഥിരം സംവിധാനവും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

വെള്ളപ്പൊക്കം: പുഴയിലെ ജലനിരപ്പ് നിരന്തരം നിരീക്ഷിക്കുന്നതിനുതകുന്ന സംവിധാനം സ്ഥാപിക്കാൻ കേന്ദ്ര ജല കമ്മീഷന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു. മഴ പ്രവചന വിവരങ്ങളുടെയും നദിയുടെ ജലനിരപ്പിന്റെ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏറ്റവും പുതിയ തത്സമയ വെള്ളപ്പൊക്ക മോഡലിംഗ് നടത്തണമെന്ന് കേന്ദ്ര ജലകമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദുരന്ത സാധ്യത പ്രദേശങ്ങളിലെ സുസ്ഥിര ഭവന നിർമ്മാണം: മലയോര മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്ഥല പരിശോധന ഉറപ്പുവരുത്തേണ്ടത് എങ്ങനെയെന്ന് നിർണ്ണയിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ഈ കമ്മിറ്റി വിശദമായ ഒരു ചെക്ക്‌ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉരുൾപൊട്ടൽ, പ്രളയ സാധ്യതാ മേഖലകളിൽ ഏത് രീതിയിൽ കെട്ടിട നിർമ്മാണം നടത്തണം എന്നത് വിശദീകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു കൈപ്പുസ്തകം തയ്യാറാക്കുകയും രണ്ടായിരത്തിലധികം കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തിനുണ്ടായ നഷ്ടം

24 (25) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും, 2019-ലും ഉണ്ടായ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ;

&

(ബി) ഇതിനായി എന്ത് തുക കേന്ദ്ര സഹായമായി ഇതിനകം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രളയ ദുരിതാശ്വാസമായി എത്ര കോടി രൂപ ലഭിച്ചു; സാലറി ചലഞ്ച് വഴി എന്ത് തുക ലഭിച്ചു; വിശദാംശം നൽകുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രളയ ദുരിതാശ്വാസമായി ആകെ 4935,00,00,000(നാലായിരത്തി തൊള്ളായിരത്തി മുപ്പത്തി അഞ്ച് കോടി രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. സാലറി ചലഞ്ച് വഴി 1227,97,00,000(ആയിരത്തി ഇരുന്നൂറ്റി ഇരുപത്തിയേഴ് കോടി തൊണ്ണൂറ്റിയേഴ് ലക്ഷം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ഫെസ്റ്റിവൽ അലവൻസിൽനിന്നും 117,69,00,000 (നൂറ്റി പതിനേഴ് കോടി അറുപത്തി ഒൻപത് ലക്ഷം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. വിരമിച്ച ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.